**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7400 — 14/07/2014-ൽ മറുപടിയ്ക്ക്

## ഹരിത സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്. സുനിൽകുമാർ<br>,, കെ. രാജു<br>,, കെ. അജിത്<br>,, ഇ. ചന്ദ്രശേഖരൻ | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് ഹരിത സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; ഈ സംഘങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം;<br><br>ബി) ഹരിതസംഘങ്ങൾ മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വന്നിരുന്നത്; ഈ സംഘങ്ങളിലെല്ലാം കൂടി എത്ര **കർഷകർ** അംഗങ്ങളായിരുന്നുവെന്ന് വ്യക്തമാക്കുമോ? | എ) & ബി) സംസ്ഥാനത്ത് ഇപ്പോൾ ഹരിത സംഘങ്ങൾ എന്ന പേരിൽ കർഷക ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നില്ല. 1997-98 മുതൽ 2004 വരെയുള്ള കാലയളവിൽ ആണ് ഹരിത സംഘങ്ങൾ വഴി കൃഷി നടത്തിയിട്ടുള്ളത്. ഊർജ്ജിത പച്ചക്കറി കൃഷി വികസനത്തിന്റെ ഭാഗമായി രൂപം കൊണ്ട ഹരിത സംഘങ്ങൾ മുഖേന പച്ചക്കറി കൃഷി വികസന പദ്ധതികളാണ് നടത്തിയിരുന്നത്. 5 ഹെക്ടർ വരുന്ന ഓരോ സംഘത്തിലും 15 മുതൽ 25 വരെ കർഷകർ അംഗങ്ങളായിരുന്നു. ഹെക്ടറിന് 50000 രൂപ വരെ ധനസഹായം നൽകിയിരുന്നു. ടി സംഘങ്ങൾ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരുന്നു.<br><br>ഇതു കൂടാതെ 2007-ൽ പച്ചക്കറി ഉല്പാദന വർദ്ധനവിനു കൃഷി വകുപ്പ് നടപ്പിലാക്കിയ ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി രണ്ടായിരത്തോളം ഹരിതശ്രീ സംഘങ്ങൾ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി രൂപം കൊണ്ടു. ആദ്യ വർഷം ഈ പദ്ധതിയിലൂടെ പച്ചക്കറി ഉല്പാദനം ഗണ്യമായി വർദ്ധിച്ചു. ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ്, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവ സംഭരിച്ച് ഇടനിലക്കാരില്ലാതെ വിപണനം ചെയ്തു വന്നിരുന്നു. |

**സെക്ഷൻ ഓഫീസർ**